www.malankaralibrary.com

# വി.ഗീവർഗീസ് സഹദായോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന



സെന്റ്.ജോർജ്ജ് മലങ്കര കത്തോലിക്കാ ദൈവാലയം

ചുങ്കപ്പാറ

www.malankaralibrary.com

# വി.ഗീവർഗീസ് സഹദായോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന



വിശുദ്ധ ഗീവർഗ്ഗീസ് സഹദായേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

*Imprimatur*
www.malankaralibrary.com

**His Grace Most Rev. Dr. Thomas Mar Koorilose**
**Metropolitan Archbishop of Thiruvalla**

# Vishudha Geevarghese Sahadhayodulla Madhyastha Prarthana

*For Private circulation only*

*2020 February*

*Copies : 500*

***Fr.Cherian Manappurathu***

*Printing : SS Printers, Mallappally*

www.malankaralibrary.com

# കൗമാ

**പുരോ :** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**ജനം :** ആദിമുതൽ എന്നേക്കും ആമ്മീൻ.

**പുരോ :** തന്റെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ ഊശാന.

**ജനം :** ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

**പുരോ :** ദൈവമേ നീ പരിശുദ്ധനാകുന്നു.

**ജനം :** ബലവാനേ, നീ പരിശുദ്ധനാകുന്നു.

മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണ ചെയ്യണമേ. (3 പ്രാവശ്യം)

**പുരോ :** ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ.

**ജനം :** ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോട് കരുണചെയ്യണമേ.

www.malankaralibrary.com

**പുരോ :** ദൈവമേ നിനക്കു സ്തുതി.

**ജനം :** സ്രഷ്ടാവേ നിനക്കു സ്തുതി. പാപികളായ അടിയാരോട് കരുണ ചെയ്യുന്ന മിശിഹാ രാജാവേ, നിനക്ക് സ്തുതി ബാറെക്മോർ.

**പുരോ :** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

**ജനം :** നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നയോ ദുഷ്ടനിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. **ആമ്മീൻ.**

**പുരോ :** കൃപ നിറഞ്ഞ മറിയമേ നിനക്കു സമാധാനം

**ജനം :** നമ്മുടെ കർത്താവ് നിന്നോടുകൂടെ. നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ നമ്മുടെ കർത്താവ് യേശുമിശിഹാ വാഴ്ത്തപ്പെട്ടവ നാകുന്നു. വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെമരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമേ. **ആമ്മീൻ.**

www.malankaralibrary.com

**സ്ളൂസോ**

**പുരോ :** ശുബഹോ...........

**ജനം :** ബലഹീനന്മാരും................

**പുരോ :** കാരുണ്യവാനായ കർത്താവേ, നിന്റെ തിരുസന്നിധിയിൽ ഞങ്ങളെ സമർപ്പിക്കുന്നു. പൂർണ്ണമനസ്സോടും, പരിപൂർണ്ണ വിശ്വാസത്തോടും കൂടി നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. പിതാവായ ദൈവമേ, ഞങ്ങളോടുള്ള സ്നേഹത്തെ പ്രതി അവിടുത്തെ തിരുക്കുമാരനായ യേശു തമ്പുരാനെ ഞങ്ങൾക്ക് രക്ഷകനായി നീ നൽകിയല്ലോ. നിന്റെ പ്രിയപുത്രന്റെ മാതൃകയിൽ സ്നേഹത്തിന്റെയും സഹനത്തിന്റെയും പാത സ്വീകരിച്ച്, സ്വയം ബലിയായിത്തീരുവാൻ വിശുദ്ധ ഗീവർഗീസ് സഹദായെ നീ സജ്ജമാക്കിയല്ലോ. കർത്താവേ, നിന്റെ വിശ്വാസത്തിനും വാത്സല്യത്തിനും പാത്രമായ വിശുദ്ധ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ ഇപ്പോൾ അഭയപ്പെടുന്നു. ആ മദ്ധ്യസ്ഥത ഞങ്ങളുടെ ദുഃഖങ്ങൾ മാഞ്ഞുപോകുന്നതിനും തിന്മയിൽനിന്നുള്ള സംരക്ഷണത്തിനും സത്യവിശ്വാസത്തോടു കൂടി ആയുഷ്കാലം മുഴുവനിലും ദൈവമക്കളായി ജീവിക്കുന്നതിനും ഞങ്ങളെ സഹായിക്കേണമെ. മോർ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയാൽ ഞങ്ങളുടെയും ഞങ്ങളുടെ വാങ്ങിപ്പോയവരുടെയും കടങ്ങൾക്ക് പരിഹാരവും, പാപങ്ങൾക്ക് മോചനവും നിന്നിൽ നിന്ന് പ്രാപിക്കുമാറാകണമെ. ഹോശോ.....

**ജനം : ആമ്മീൻ**

www.malankaralibrary.com

## കുക്കിലിയോൻ

കർമ്മി : നയവാൻ പനപോലെ തളിർത്തിടുമേ - ഹാ
വളരുമവൻ ലബനോൻ കാരകിൽപോൽ

ജനം : വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ - ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും
ബാറെക്മോർ

കർമി : ശുബ്ഹോ...

ജനം : മെൻഓലം

## എക്ബോ

കർമി : ഒരുപോലിങ്ങും മോർ ഗീവർഗീസ് സഹദാ

ജനം : വാനിലുമതുപോൽ നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്

**ശുശ്രൂ** : സ്തൗമെൻകാലോസ്

**ജനം** : കുറിയേലായിസോൻ

## പ്രുമിയോൻ

**പുരോ** : നാമെല്ലാവരും ................

**ജനം** : കാരുണ്യവാനായ..............

**പുരോ** : സ്തുതിയും സ്തോത്രവും.........

**പുരോ** : അനുതാപികൾക്കുവേണ്ടി നിത്യവും, തുറന്നിട്ടിരിക്കുന്ന കരുണയുടെ വാതിലും, സഹായങ്ങളുടെയും, അനുഗ്രഹങ്ങളുടെയും ഉറവിടവുമാകുന്ന ഞങ്ങളുടെ

www.malankaralibrary.com

കർത്താവേ, നിന്റെ ദാസനും, നിനക്കുവേണ്ടി തന്റെ ജീവനെ സമർപ്പിച്ചവനുമായ മോർ ഗീവർഗീസ് സഹദായുടെ ഓർമ്മയെ സ്വർഗ്ഗത്തിലും ഭൂമിയിലും നീ ശ്രേഷ്ഠമാക്കിയല്ലോ.അവന്റെ അസ്ഥികളിൽ നിന്ന് ദൈവീക അനുഗ്രഹങ്ങൾ നിത്യം നിർഗ്ഗളിക്കുന്നു. വിശുദ്ധരിൽ സംപ്രീതനാകുന്ന കർത്താവെ മോർ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിക്കുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും വന്ദനവും തനിക്ക് യോഗ്യമാകുന്നു.
ബ്കുലഹൂൻ........

**സെദറാ**

**പുരോ** : സൗന്ദര്യശ്രേഷ്ഠനായ മോർ ഗീവർഗീസ് സഹദാ,നിർമ്മലകീർത്തനങ്ങളോടും സ്തോത്രോച്ചാരണത്തോടും കൂടി ഞങ്ങൾ നിന്നെ കീർത്തിച്ച് പറയുന്നു. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട പുണ്യവാനായ മോർ ഗീവർഗീസ് സഹദാ, നിനക്ക് സമാധാനം. സഹായങ്ങളുടെ സമുദ്രവും ദുഃഖിതരുടെ ആശ്വാസവുമായ മോർ ഗീവർഗീസ് സഹദാ, നീ ഭാഗ്യവാനാകുന്നു.എന്തുകൊണ്ടെന്നാൽ കർത്താവ് തന്റെ സത്യ വാഗ്ദത്തപ്രകാരം നിന്നിലും, നീ അവനിലും വസിക്കുന്നു. വി. സഹദാ. ഇപ്പോൾ അങ്ങയുടെ അപേക്ഷകൾ മൂലം രോഗികൾ സൗഖ്യം പ്രാപിക്കുകയും യുദ്ധങ്ങൾ നീങ്ങിപ്പോ സാത്താ

www.malankaralibrary.com

കുകയും കലഹങ്ങൾ ശമിക്കുകയും ദുഷ്ടജന്തുക്കളുടെ ആക്രമണങ്ങൾ ഇല്ലാതാകുകയും,പിശാചുക്കൾ ബഹിഷ്കരിക്കപ്പെടുകയും ചെയ്യണമെ. രോഗങ്ങളും അത്യാപത്തുകളും പ്രതീക്ഷിക്കാത്ത സമയത്തെ സകല പരീക്ഷകളും നിന്റെ പ്രാർത്ഥനമൂലം ഒഴിവാകുമാറാകണമെ. മോർ ഗീവർഗീസ് സഹദായെ കിരീടം ധരിപ്പിക്കുന്നവനായ പിതാവിനും ശ്രേഷ്ഠത നൽകുന്ന വന്ദ്യനായ പുത്രനും അവന്റെ പോരാട്ടത്തെ സമ്പൂർണ്ണമാക്കുന്ന പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. ഹോശോ...............

ജനം : **ആമ്മീൻ**

**പുരോ :** ദൈവത്തിൽ നിന്ന്.............

ജനം : **ആമ്മീൻ**

**കോലോ**

**(ദൈവാ ജനനീ എന്ന രീതി)**

കർത്താവിനു വേണ്ടി
തന്റെ ശരീരത്തെ - ക്രൂശിക്കപ്പെടുവാൻ
ഏൽപ്പിച്ചോരതി രണവീരാ
മോർ ഗീവർഗ്ഗീസ് സഹദാ നിൻ
പ്രാർത്ഥനയിൽ ശരണപ്പെടുമീ-
ജനനിവഹത്തെ വാഴ്ത്തണമേ
അടിയാർക്കായ് പ്രാർത്ഥിച്ചീടണമേ.

ബ്ാറെക്.....ശുബ്ഹോ

www.malankaralibrary.com

സാത്താനെതിരായി
ധീരതയൊടു പൊരുതി
മരണം കയ്യേറ്റ്, ജീവകിരീടം പ്രാപിച്ച
വീര പരാക്രമിയാം സഹദാ
പ്രാർത്ഥനയിൽ അഭയപ്പെടുമീ
അടിയാർക്കായ് പ്രാർത്ഥിക്കണമേ.
ധന്യൻ മോർ ഗീവർഗ്ഗീസ് സഹദാ - മെൻ ഓലം....

ദീദിയാനോസിൻ-
കാലത്തുളവായ - ക്രൈസ്തവ പീഢയതിൽ
ലൗകിക മേന്മ സമസ്തങ്ങൾ
കർത്തനുവേണ്ടിയുപേക്ഷിച്ചു
ക്രൂശാലരിയെ വെന്നവനെ
മോർ ഗീവർഗ്ഗീസ് സഹദായെ
ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ.....

മൊറിയോ റാഹേം......

**എത്രോ**

ഗോഗുൽത്തായുടെ ഉന്നതത്തിൽ ധൂപിക്കപ്പെടുകയും സകലലോകത്തിലും തന്റെ വാസന അനുഭവവേദ്യമാക്കിത്തീർക്കുകയും ചെയ്ത ദൈവാധി ദൈവവും കർത്താധി കർത്താവുമായ മ്ശിഹാ തമ്പുരാനേ! നിന്നെ പ്രസാദിപ്പിച്ച മോർ ഗീവർഗ്ഗീസ് സഹദായുടെ ബഹുമാന്യമായ ഓർമ്മ ദിനത്തിൽ നിന്റെ ദാസരാകുന്ന ഞങ്ങൾ, നിന്റെ ആദരവിനു സമർപ്പിക്കുന്ന ഈ പരിമളധൂപത്തെ കാരുണ്യപൂർവ്വം

www.malankaralibrary.com

സ്വീകരിക്കണമേ. മോർ ഗീവർഗ്ഗീസിന്റെ പ്രാർത്ഥന കളാൽ ഞങ്ങൾക്കും ഞങ്ങളുടെ വാങ്ങിപ്പോയവർ ക്കും പാപപരിഹാരം നൽകണമേ.

മോറാൻ വാലോഹാൻ........

**ജനം : ആമ്മീൻ**

***രക്ഷകനാം മിശിഹാ ഞങ്ങൾ തൻ സൃഷ്ടാവാം ദേവാ)***

രക്ഷകനാം മിശിഹാ
അടിയാരിൽ അനുഗ്രഹം ചൊരിയണമെ
നിൻ ദാസൻ മോർ ഗീ-
വർഗീസിൻ പ്രാർത്ഥനയാലേ
ഏകണമേ ശാന്തി
വാഴണമെ നന്മകൾ അടിയാരിൽ
വ്യാ- ധി വസന്തകളും
കോ- പത്തിൻ വടിയും
സാ- ത്താൻ തന്ത്രമതും
ദുഷ്ടന്മാരുടെ പീ- ഢകളും
പാപഉപദ്രമതിൽ നിന്നെങ്ങൾ
രക്ഷിതരാകണമെ
രാപ്പകൽ അടിയങ്ങൾക്കഭയമതും
നൽകീടേ- ണമെ.

www.malankaralibrary.com

**ലുത്തിനിയാ**

കർത്താവേ അനുഗ്രഹിക്കണമേ.
കർത്താവേ.........
മിശിഹായെ അനുഗ്രഹിക്കണമേ.
മിശിഹായെ........
കർത്താവേ അനുഗ്രഹിക്കണമേ.
കർത്താവേ...........
മിശിഹായെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായെ.........
മിശിഹായെ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
മിശിഹായെ.........

സ്വർഗ്ഗസ്ഥ പിതാവായ ദൈവമേ.........
ഭൂലോകരക്ഷകനായ പുത്രൻ തമ്പുരാനേ.........
പരിശുദ്ധാത്മാവായ ദൈവമേ.........
ഏക ദൈവമായ പരിശുദ്ധ ത്രിത്വമേ.........

വി.ദൈവമാതാവെ .........
കർത്താവിനുവേണ്ടി കഷ്ടതകൾ സഹിച്ച്
രക്തസാക്ഷിയായി തീർന്ന
മോർ ഗീവർഗീസ് സഹദാ.....
മിശിഹായുടെ ആട്ടിൻകൂട്ടത്തിന്റെ
ഉണർവുള്ള കാവൽ നാഥനായ
മോർ ഗീവർഗീസ് സഹദാ.....

ഞങ്ങളെ അനുഗ്രഹിക്കണമേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

www.malankaralibrary.com

നോമ്പും പ്രാർത്ഥനയും ജാഗരണവുമാകുന്ന
കുന്തവും, വാളും, പടച്ചട്ടയും ധരിച്ച്
പിശാചിന്റെ സകല കുടില തന്ത്രങ്ങളോടും
പൊരുതിവിജയിച്ച

മോർ ഗീവർഗീസ് സഹദാ.....

അടിമകളുടെയും അഗതികളുടെയും സംരക്ഷകനായ

മോർ ഗീവർഗീസ് സഹദാ.....

ബാല്യം മുതലേ സത്യവിശ്വാസത്തിൽ വളർന്ന

മോർ ഗീവർഗീസ് സഹദാ.....

സകലരോഗങ്ങളെയും വ്യാധികളെയും വിടുവിക്കുവാൻ
വിശുദ്ധ റൂഹായാൽ തെരഞ്ഞെടുത്ത

മോർ ഗീവർഗീസ് സഹദാ.....

കർത്താവിന്റെ ആത്മീയ തോട്ടത്തിലെ
വിശ്വസ്ത വേലക്കാരനായ

മോർ ഗീവർഗീസ് സഹദാ.....

എല്ലാ രക്തസാക്ഷികൾക്കും ഉത്തമ മാതൃകയായി ത്തീർന്ന

മോർ ഗീവർഗീസ് സഹദാ.....

ഞങ്ങളുടെ ഭവനങ്ങൾക്ക് ഐശ്വര്യം പ്രദാനം ചെയ്യുന്ന

മോർ ഗീവർഗീസ് സഹദാ.....

ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്ന്
പാപാന്ധകാരത്തെ ഉന്മൂലനം ചെയ്യുവാൻ കഴിവുള്ള

മോർ ഗീവർഗീസ് സഹദാ....

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

www.malankaralibrary.com

രോഗികളുടെ ആശ്രയവും മനസ്സു തകർന്നവരുടെ പ്രത്യാശയും അനാഥരുടെ ആലംബവുമായ

മോർ ഗീവർഗീസ് സഹദാ.....

ദുഃഖിതരുടെ ആശ്വാസവും വിധവകളുടെ സമാധാനവുമായ

മോർ ഗീവർഗീസ് സഹദാ.....

സഹായങ്ങളുടെ ശ്രീഭണ്ഡാരവും

അനുഗ്രഹത്തിന്റെ കലവറയുമായ

മോർ ഗീവർഗീസ് സഹദാ.....

തന്റെ നാഥന്റെ ശ്രീഭണ്ഡാരത്തിന്റെ മേൽ

കാര്യവിചാരകനായി നിയമിക്കപ്പെട്ടിരിക്കുന്ന

മോർ ഗീവർഗീസ് സഹദാ.....

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

**ഭൂലോക പാപങ്ങൾ നീക്കുന്ന ദൈവ കുഞ്ഞാടായ യേശുതമ്പുരാനേ,**

കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ

**ഭൂലോക പാപങ്ങൾ നീക്കുന്ന ദൈവ കുഞ്ഞാടായ യേശുതമ്പുരാനേ,**

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

**ഭൂലോക പാപങ്ങൾ നീക്കുന്ന ദൈവ കുഞ്ഞാടായ യേശുതമ്പുരാനേ,**

കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ

**പുരോ :** യേശുമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ

**ജനം :** വി.ഗീവർഗീസ് സഹദായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

www.malankaralibrary.com

## വി. ഗീവർഗീസ് സഹദായോടുള്ള അപേക്ഷ
## (എല്ലാവരും ചേർന്ന്)

ദൈവത്തിന്റെ വിശ്വസ്ത കാവൽക്കാരനായ വിശുദ്ധ ഗീവർഗീസ് സഹദാ/ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ/ നിന്റെ അപേക്ഷയാൽ ഞങ്ങളിൽ നിന്ന് / മാരകരോഗങ്ങളും കഠിനദുഃഖങ്ങളും / പൈശാചിക പരീക്ഷകളും ദുഷ്ട മനുഷ്യരുടെയും / ദുഷ്ടജന്തുക്കളുടെയും ഉപദ്രവങ്ങളും അപകടങ്ങളും നീങ്ങിപ്പോകേണമെ/ഈ ലോകത്തിലും ഞങ്ങളുടെ രാജ്യത്തിലും/ വിശുദ്ധ സഭയിലും/ഞങ്ങളുടെ ഭവനങ്ങളിലും സമാധാനവും ശാന്തിയും വാഴുമാറാകണമെ /സഹദാ നിന്റെ മദ്ധ്യസ്ഥതയാൽ നിരാശയിൽ കഴിയുന്നവർക്ക് പ്രത്യാശ ലഭിക്കേണമെ/ഞങ്ങളുടെ മാതാപിതാക്കളും വിദ്യാർത്ഥി - വിദ്യാർത്ഥിനികളും/ യുവതി - യുവാക്കന്മാരും നിന്റെ പ്രാർത്ഥന മൂലം സംരക്ഷിക്കപ്പെടണമെ /സ്വദേശത്തും വിദേശത്തും ആയിരിക്കുന്നവരെകാത്തുകൊള്ളണമെ /നിത്യ ജീവിതത്തെ അലങ്കോലപ്പെടുത്തുന്ന സകല പൈശാചിക വ്യാപാരങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ/ മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ ബന്ധനങ്ങളിൽ വീഴാതിരിക്കുവാൻ /ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ / ഞങ്ങളുടെ ഭരണകർത്താക്കളെ നീതിനിഷ്ഠരും ധർമ്മിഷ്ഠരും ആക്കണമെ. ഞങ്ങളുടെ തിരുസഭയേയും

www.malankaralibrary.com

അതിന്റെ മക്കളെയും സംരക്ഷിക്കണമെ / സാമ്പത്തികഭാരങ്ങളാൽ വലയുന്നവരെ കാത്തുകൊള്ളണമെ, വിശ്വാസത്തിനുവേണ്ടി പീഢ സഹിക്കുന്നവരെ സംരക്ഷിക്കണമെ മാമോദീസായുടെ റൂശ്മായാൽ മുദ്രയിടപ്പെട്ടവരും/ തിരുശരീരരക്തങ്ങൾ അനുഭവിച്ച വരുമായ ഞങ്ങളുടെ മരിച്ചുപോയവർക്കും / ആശ്വാസം ലഭിക്കണമെ. പ്രത്യേകമായി ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, **(നിയോഗം പറയുന്നു)** ഈ ആവശ്യങ്ങൾക്കായി അങ്ങ് കർത്താവിനോട് അപേക്ഷിക്കണമെ.

**ആമ്മീൻ.**

**സ്വർഗ്ഗ........**
**കൃപനിറഞ്ഞ............**
**ത്രിത്വ...........**

**കൈമുത്തിനുള്ള ഗാനം**

**കൂക്കോയോ (യജമാനൻ)**

മോർ ഗീവർഗീസ് നിന്നോർമ്മ വാഴ്വിന്നാകേണമെ
അടുത്തവരകന്നവർക്കെല്ലാം നീയുത്തരമരുളേണമെ
രോഗികൾക്കെല്ലാം - സൗഖ്യം നൽകണമെ.
മനം തകർന്നവർക്കും - ധൈര്യം നൽകണമെ.
സാത്താനാൽ പീഡിതരിൽ നിന്നകറ്റണമിവരെ നീ
നിന്നർത്ഥനയാലെങ്ങൾക്ക് കരുണ ലഭിക്കട്ടെ
ഹാലേലൂയ്യാ - നിൻ പ്രാർത്ഥന തുണയാം

www.malankaralibrary.com

## വി. ഗീവർഗീസ് സഹദായോടുള്ള മറ്റൊരപേക്ഷ
## (എല്ലാവരും ചേർന്ന്)

സ്നേഹപിതാവായ ദൈവമേ / ഞങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ / വി. ഗീവർഗീസ് സഹദായെ നൽകിയതിന് /ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു / ഞങ്ങളുടെ അനുദിനജീവിതത്തിലെ / ആത്മീയവും ഭൗതികവുമായ / എല്ലാ സാഹചര്യങ്ങളിലും ഞങ്ങളെ സംരക്ഷിച്ച് / സ്വർഗ്ഗഭവനത്തിലേക്ക് ഞങ്ങളെ നയിക്കുവാൻ / വി.ഗീവർഗീസ് സഹദായുടെ / നിരന്തര സഹായം ഞങ്ങൾക്ക് ലഭിക്കുമാറാകട്ടെ./

അനാഥരേയും ആലംബഹീനരേയും സംരക്ഷിച്ച/ ധീരയോദ്ധാവായ വി. ഗീവർഗീസ് സഹദായെ/ അങ്ങയുടെ പക്കൽ അഭയം തേടുന്ന/ഞങ്ങളുടെ സഹായത്തിന് എത്തേണമേ/ അലറുന്ന സിംഹത്തെപ്പോലെ / ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ച് ചുറ്റി നടക്കുന്നവനും / ഞങ്ങളിൽ ദുഷ്ടതാല്പര്യം വെച്ച് / ഞങ്ങളുടെ പടിവാതുക്കൽ പതിയിരിക്കുന്നവനും/ സർവ്വലോകത്തേയും വഞ്ചിക്കുന്ന/ സാത്താനെന്നും പിശാചെന്നും വിളിക്കപ്പെടുന്നവനുമായ /ആ പുരാതന സർപ്പത്തിന്റെ ദേഷ്യത്തിൽ നിന്നും / ഞങ്ങളെ കാത്തുകൊള്ളേണമേ/സർവ്വായുധവിഭൂഷിതനും/ അശ്വാരൂഢനുമായിരിക്കുന്ന അങ്ങയുടെ ചിത്രം / ഞങ്ങൾക്ക് ആത്മധൈര്യം പകരട്ടെ/ തിന്മയുടെ ദുരാത്മാക്കൾക്ക് എതിരെയുള്ള / ഞങ്ങളുടെ

www.malankaralibrary.com

പോരാട്ടത്തിൽ/സാത്താന്റെ കുടിലതന്ത്രങ്ങൾക്കെതിരെ/ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവാൻ / അങ്ങ് ഞങ്ങളെ സഹായിക്കേണമേ. /

സത്യം കൊണ്ട് അരമുറുക്കി / നീതിയുടെ കവചം ധരിച്ച് / സമാധാന സുവിശേഷത്തിന്റെ പാദരക്ഷയണിഞ്ഞ് / വിശ്വാസത്തിന്റെ പരിചയെടുത്ത് / രക്ഷയുടെ പടത്തൊപ്പി ധരിച്ച് /ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുത്ത്/ ഈ ജീവിത യാത്രയിൽ നിർഭയരായി പൊരുതി മുന്നേറുവാൻ/ഞങ്ങൾക്ക് സാധിക്കട്ടെ/ ശത്രുവിന്റെ സകല ശക്തികളുടെയും മീതെ /ചവിട്ടി നടക്കുവാൻ നിങ്ങൾക്ക് ഞാൻ അധികാരം നൽകിയിരിക്കുന്നു / ഒന്നും നിങ്ങളെ ഉപദ്രവിക്കുകയില്ല എന്ന് / ഉറപ്പ് നൽകിയ ഈശോയുടെ നാമത്തിൽ / തിരുക്കുരിശിന്റെ ശക്തിയിൽ ആശ്രയിച്ച് /വിശുദ്ധ ഗീവർഗീസ് സഹദായുടെ ധീരമാതൃക അനുസരിച്ച് /വിശുദ്ധ കന്യകാമറിയത്തിന്റയും / വിശുദ്ധ മിഖായേലിന്റെയും/ എല്ലാ അപ്പോസ്തോലന്മാരുടെയും / സകലശുദ്ധിമാന്മാരുടെയും ശുദ്ധമതികളുടെയും മദ്ധ്യസ്ഥതയിൽ / അഭയം പ്രാപിച്ചും / സാത്താനെയും അവന്റെ സകല സൈന്യങ്ങളെയും / ഞങ്ങൾ ബന്ധിച്ച് ശാസിച്ച് ബഹിഷ്കരിക്കുന്നു./

വി. കുർബ്ബാനയിൽ ഞങ്ങൾ സ്വീകരിക്കുന്ന/ തിരുശരീരരക്തങ്ങൾ / ദുഷ്ടശക്തികൾക്ക് എതിരെ കോട്ടയായിരിക്കട്ടെ/ അതുവഴി പ്രലോഭനങ്ങളിൽ നിന്ന് /ഞങ്ങൾ മോചിതരാകട്ടെ/ ദുശ്ശീലങ്ങൾ ഞങ്ങളെ വിട്ടുപോകട്ടെ / കലഹങ്ങളും ഭിന്നതകളും ശമിക്കട്ടെ./

www.malankaralibrary.com

രോഗങ്ങൾ സുഖപ്പെടട്ടെ / പ്രകൃതിക്ഷോഭങ്ങളും, അപകടങ്ങളും ഒഴിവാകട്ടെ/ സാമ്പത്തിക തടസ്സങ്ങൾ മാറിപ്പോകട്ടെ,/ എല്ലാ ഉപദ്രവങ്ങളിൽ നിന്നും ഞങ്ങൾ സംരക്ഷിതരാകട്ടെ / ഞങ്ങൾ അറിഞ്ഞോ അറിയാതെ യൊ / ഞങ്ങളെ അസ്വസ്ഥതപ്പെടുത്തുന്ന / എല്ലാ ദുഷ്ടസാന്നിദ്ധ്യങ്ങളും അകന്നു പോകട്ടെ.

സ്നേഹം ഞങ്ങളിൽ വളരട്ടെ / സമാധാനം ഞങ്ങളിൽ നിറയട്ടെ / ആനന്ദം ഞങ്ങളിൽ കവിഞ്ഞൊഴുകട്ടെ / എല്ലാ പരിശുദ്ധാത്മഫലങ്ങളോടും കൂടി / ദൈവരാജ്യം ഞങ്ങളിൽ സംസ്ഥാപിതമാകട്ടെ/ വി.ഗീവർഗീസ് സഹദാ, വത്സലതാത/ അങ്ങയുടെ ശക്തമായ മദ്ധ്യസ്ഥത വഴി / ഞങ്ങളുടെ സമൂഹത്തിൽ/ ദൈവത്തിന് മഹത്ത്വമുണ്ടാകട്ടെ / എന്തുകൊണ്ടെന്നാൽ / സ്വർഗ്ഗത്തിലും ഭൂമിയിലും/ രാജ്യവും ശക്തിയും മഹത്വവും / എന്നേക്കും അങ്ങയുടേതാകുന്നു.

**ആമ്മീൻ.**